

ഫഹദ് ഫാസിൽ, ആൻഡ്രിയ

ലളിതമായ പ്രണയകഥ അസാമാന്യ കൈയടക്കത്തോടെ പുതിയൊരു ദൃശ്യഭാഷയിൽ ആവിഷ്കരിച്ചതാണ് 'അന്നയും റസൂലും' എന്ന സിനിമയുടെ പ്രധാന സവിശേഷത

■ ചന്ദ്രകാന്ത്

# കാഴ്ചയുടെ പുതുഭാഷ; പ്രണയത്തിന്റെയും

"ഇതെന്തൊരു സിനിമയാണ്? കുറേ സംഭവങ്ങൾ അതേപടി പകർത്തിവെച്ചാൽ അതെങ്ങനെ സിനിമയാകും? ഇങ്ങനെയാണോ സിനിമ?'' രാജീവ് രവി സംവിധാനം ചെയ്ത 'അന്നയും റസൂലും' കണ്ട് ഇങ്ങനെ ചോദിച്ചവരിൽ പലരും സിനിമയെക്കുറിച്ച് അറിയാത്തവരല്ല. നന്നായി അറിയുന്നവരൊക്കെത്തന്നെയാണ്. ഒരുപക്ഷേ അവരുടെ ചോദ്യം തന്നെയാണ് അന്നയേയും റസൂലിനെയും കുറിച്ച് വീണ്ടും ചിന്തിക്കാൻ പ്രേരിപ്പിക്കുന്നത്.

രണ്ടുവരിയിൽ പറയാവുന്ന ലളിതമായ കഥ. പലേടത്തും കണ്ട കുറേ കഥാപാത്രങ്ങൾ. കച്ചവടത്തിനു നിരത്തുന്ന പതിവു വിഭവങ്ങളില്ല. ശീലങ്ങൾ പലതിനെയും തെറ്റിച്ചുകൊണ്ടാണ് ഈ പ്രണയം കയറിവരുന്നത്. മട്ടാഞ്ചേരിക്കാരൻ റസൂലെന്ന ടാക്സി ഡ്രൈവറും വൈപ്പിൻകാരി അന്നയെന്ന സെയിൽസ് ഗേളും പ്രേമിക്കുമ്പോൾ അത് പൈങ്കിളിയാവാതെ തരമില്ലെന്ന് കരുതുന്നവരോട് ഒന്നോർത്താൽ ഏതു പ്രണയമാണ് പൈങ്കിളി? ആരാണ് പൈങ്കിളിയല്ലാത്തത്? അന്നയും റസൂലും വെറുതെ പ്രേമിച്ചു കടന്നു പോവുകയല്ല; അവരുടെ മതം, കുടുംബം, കൂട്ടുകാർ, സ്ഥലം ഒക്കെ കടന്നുവന്നേ പറ്റൂ.

ജീവിക്കുന്ന സ്ഥലങ്ങൾ തുരുത്തുകളാണെങ്കിലും കഥാപാത്രങ്ങളാരും തുരുത്തുകളല്ല എന്നതുതന്നെ ഒരു പ്രത്യേകത. പേരിനോട് ചേർന്നുതന്നെ ഊരും നിൽക്കുന്നു. ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് ചങ്ങല പോലെ കടന്നുപോകുന്ന കഥാസന്ദർഭങ്ങളിലൂടെ കഥ വിരിയുന്നു. ധീരരും അതിപ്രതാപശാലികളും ഗുണവാന്മാരും അല്ലാത്ത കുറേപ്പേർ. നാട്ടിലേക്കു വരുന്ന കപ്പൽ ജോലിക്കാരനായ ആഷ്ലിയുടെ (സണ്ണി വെയ്ൻ) ഓർമകളിലൂടെയാണ് ചിത്രം. അയാൾക്ക് ഒരു പ്രണയമുണ്ട്; തകർന്ന പ്രണയം, പറയാതെ പോയ പ്രണയം. പല കാരണങ്ങളാൽ ആഷ്ലി, റസൂലിന്റെ സുഹൃത്താകുന്നു. സർവോപരി അയാൾ അന്നയുടെ അയൽവാസിയുമാണ്. ആഷ്ലിയുടെ പ്രണയകഥയിലെ നായിക അന്നയുടെ ചേച്ചി ലില്ലിയാണ്. ആദ്യ കാമുകൻ ചതിച്ച അവൾ ഇന്ന് കന്യാസ്ത്രീയാണ്. അപ്രാപ്യയെങ്കിലും ആഷ്ലി ലില്ലിയോടുള്ള പ്രണയം തുടരുന്നുണ്ട്.

കൊച്ചി പശ്ചാത്തലമാക്കിയ പല സിനിമകൾക്കും ഒരേ മണമാണ്. എവിടെനിന്നോ വീശി കടന്നുവരുന്ന അധോലോകത്തിന്റെ ഗന്ധം. എന്നാൽ, അതൊക്കെ ബോളിവുഡ് ലാറ്റിനമേരിക്കൻ സിനിമകൾ ഹൃദിസ്ഥമാക്കിയ പാതിവെന്ത വിശാരദന്മാരുടെ അധോവായു ആയിരുന്നു എന്നതിന് തെളിവാക്കാം ഇതിലെ ഇടവും കഥാപാത്രങ്ങളും. റസൂലിന്റെ സുഹൃത്ത് അബുവിന് അത്യാവശ്യം തരികിട പണികളൊക്കെയുണ്ട്. പലപ്പോഴും അവർക്കെല്ലാം അതിൽ ചേരേണ്ടിവരുന്നുമുണ്ട്. അതാണ് അവരെയെല്ലാം കുടുക്കുന്നതും. എന്നാൽ, അതൊന്നും താരപരിവേഷമുള്ളതല്ല. 'സ്ഥാനത്തും അസ്ഥാനത്തും' മട്ടാഞ്ചേരിക്കാർ കാണിക്കുന്ന അമിതാവേശം മാത്രമാണ് പല ജോലികൾ ചെയ്യുന്നവരിൽ ഒരാൾ.

## പ്രണയത്തിന്റെ രാഷ്ട്രീയം

ഇതൊരു പ്രണയ ചിത്രമാണെങ്കിലും വ്യക്തമായ രാഷ്ട്രീയം മുന്നോട്ടുവയ്ക്കുന്നുണ്ട്. ഒരു രാഷ്ട്രീയ പാർട്ടിയുടെ പോലും കൊടി കാണിക്കാതെയാണ് രാഷ്ട്രീയം പറയുന്നത്. പ്രണയത്തിന്റെയും മതത്തിന്റെയും സ്ഥലത്തിന്റെയും രാഷ്ട്രീയം. രണ്ടു മതത്തിൽ പെട്ടവരുടെ പ്രണയം പുതുമയല്ലെങ്കിലും ഇന്നും അതൊരു ചൂടൻ വിഷയമാണ്. പ്രണയത്തിനുവേണ്ടിയാണോ മതം, മതത്തിനുവേണ്ടിയാണോ പ്രണയം എന്നത് കോടതികൾ കയറിയിറങ്ങുന്ന ചോദ്യം. വ്യത്യസ്ത മതത്തിൽപ്പെട്ടവർക്ക് ഒരുമിച്ചു ജീവിക്കാൻ മതം തടസമാണോ? പങ്കാളികളിൽ ഒരാളുടെ മതത്തിലേക്കു മാറിയാൽ പരിഹരിക്കാവുന്നത്ര ലളിതമാണോ കാര്യങ്ങൾ? ഇതിനുത്തരം തരുന്നുണ്ട് പീറ്ററായി മാറിയ പുരുഷോത്തമ കമ്മത്തിന്റെ 'തിരുമൽ ദേവാ' എന്ന വിളി. മതം മാറുന്ന കാര്യം 'പള്ളീൽ പോയി പറഞ്ഞാമതി' എന്ന് തമാശയാകുന്നതും അന്ന മതം മാറാൻ വരില്ലെന്ന് റസൂൽ പറയുന്നത് കാര്യമാകുന്നതും ഈ രാഷ്ട്രീയം തന്നെ.

ഒരു സ്ഥലം എങ്ങനെയാണ് അയാളെ സമൂഹത്തിനു മുന്നിൽ രേഖപ്പെടുത്തുന്നതെന്നതിന് എത്രയോ ഉദാഹരണങ്ങൾ ജീവിതത്തിലോ സിനിമയിലോ ചൂണ്ടിക്കാട്ടാം. ചില നാട്ടിലെ എല്ലാവരും നന്മ നിറഞ്ഞവർ മാത്രമാണെങ്കിൽ മറ്റു ചില നാടുകളിലെ സമസ്തജനവും തിന്മകളുടെ ആസ്ഥാന മന്ദിരത്തിലാണ് വാസം. ഇതൊക്കെ എവിടെയെന്ന് ചോദിക്കരുത്. നന്മ തിന്മകൾ ഏറ്റുമുട്ടുന്ന ഫുട്ബോൾ മത്സരം പോലെയാണല്ലോ നമ്മുടെ പല സിനിമകളും. ഇത്തരത്തിലുണ്ടാക്കിയ മുൻവിധികളാണ് റസൂലിന്റെ ജ്യേഷ്ഠൻ ജങ്കാർ ജീവനക്കാരനായ ഹൈദറിനെ വേട്ടയാടുന്നത്. അറിവില്ലാ പ്രായത്തിൽ അയാൾ ജുവനൈൽ ഹോമിൽ കിടന്നിട്ടുണ്ട്. ഒരു സംഘടനയുടെ മീറ്റിങ്ങിൽ പങ്കെടുത്തിട്ടുണ്ട്. ഇതൊക്കെ മതി അയാൾക്ക് പാസ്പോർട്ട് നിഷേധിക്കാൻ പൊലീസിനുള്ള ന്യായങ്ങൾ. ഓരോ ദിനവും എത്രയോപേരെ സുരക്ഷിതമായി മറുതീരത്തെത്തിക്കുന്ന അയാൾക്ക് സുരക്ഷിതമായ തീരം- ഗൾഫ് നിഷേധിക്കപ്പെടുകയാണ്.

ഒരു പെണ്ണിനെ ആൺ കണ്ടുമുട്ടുന്ന വേളയിൽ തന്നെ അനുരാഗം ഉടലെടുക്കുന്ന എത്രയോ സിനിമകളാണ് നാം കണ്ടുശീലിച്ചത്. കാമുകിയുടെ അംഗപ്രത്യംഗവർണ്ണനയും അവളുടെ വസ്ത്രധാരണശൈലിയുടെ മായികതയുമൊക്കെയാണ് മിക്കവാറും സൂപ്പർഹിറ്റ് പ്രണയകഥകളുടെ കാതൽ. എന്നാൽ, അത്ര പെട്ടെന്നൊന്നും പ്രേമത്തിലേക്ക് വീഴാൻ പറ്റിയവരല്ല ഇതിലെ പ്രണയികൾ. ഇത് അന്നയ്ക്കും റസൂലിനും മാത്രമല്ല ആഷ്ലിക്കും ലില്ലിക്കും ബാധകമാണ്. അവരെ ബന്ധിപ്പിക്കുന്ന പല ചരടുകളുണ്ട്. അതൊക്കെ പൊട്ടാതെ നോക്കേണ്ടതുണ്ട്.

പ്രേമക്കുരുക്കിൽപ്പെട്ട് മഠത്തിൽ പോകേണ്ടിവന്ന ചേച്ചി, ഏതോ ദുരന്തത്തിന്റെ ബാക്കിപത്രം പോലെ ഉരിയാടാനാവാതെയിരിക്കുന്ന അപ്പൻ. ഇതൊക്കെയാണ് അന്നയുടെ ചുറ്റുപാട്. ഉമ്മ മരിച്ച്, മറ്റൊരു വിവാഹം കഴിച്ച് പൊന്നാനിയിൽ വേറൊരു



സിനിമയിലെ രണ്ടു ദൃശ്യങ്ങൾ

കുടുംബമുള്ള ഉപ്പ ഉസ്മാൻ, സ്വന്തമായി ഒരു വീട് പോലുമില്ല. മക്കളുടെ കാര്യത്തിൽ ഇടപെടണമെന്ന് ഉസ്മാന് ആഗ്രഹമുണ്ട്. എന്നാൽ, മൂന്ന് പെൺമക്കളുടെ ബാപ്പയായ അയാൾക്ക് അന്യമതസ്ഥയുമായി വന്ന മകനെ ഒപ്പം നിർത്താൻ കഴിയുന്നില്ല.

അബുവിനെ കൂടാതെ അയാളുടെ ഭാര്യ ഫാസിലയും കോളിനുമാണ് റസൂലിന്റെ സുഹൃത്തുക്കൾ. മലയാള സിനിമ ഇതുവരെ കാണാതെ പോയ ഒരു പെണ്ണാണ് ഫാസില (സൃന്ദ) ഭർത്താവിനെ 'പഞ്ഞിക്കിട്ടവനെ' അടിച്ചിടണമെന്ന വാശിക്കാരി. എന്നാൽ, അയാളുടെ ഗൂഢപ്രവർത്തികൾക്ക് കുടപിടിക്കാത്തവൾ. ആശയക്കുഴപ്പത്തിലായ റസൂലിനോട് 'നീ പോയി പ്രേമിച്ചോടാ മുത്തേ' എന്ന് ധൈര്യം കൊടുക്കുന്നവൾ. പെണ്ണുകണ്ട് പച്ചക്കൊടി കാട്ടുന്നവൾ. അബുവിനോട് നിന്നെ പ്രേമിച്ചത് നീ മുസ്ലിമായതുകൊണ്ടാണോ എന്ന് ചോദിക്കുന്നവൾ.

പറഞ്ഞ പ്രണയം പതിരായപ്പോൾ പറയാത്ത പ്രണയം പൂവണിയുന്നുണ്ട്. ആഷ്‌ലിയെ കാത്തിരിക്കാനായി ലില്ലി തിരുവസ്ത്രം ഉപേക്ഷിച്ചിറങ്ങി വരുന്നത് സഭയുടെ അനുമതിയോടെയാണ്. സ്നേഹത്തിന്റെ സുവിശേഷമായ മതം പ്രണയത്തിന് തടസ്സമാകുന്നില്ല. പ്രണയത്തിനും പലായനത്തിനും ഒടുവിൽ ഒരുമിക്കാനാകാതെ പോകുന്ന അന്നയ്ക്കുവേണ്ടി റസൂൽ കാത്തിരിക്കുന്നു.

ആദ്യകാല സിനിമകൾ നാടകങ്ങളുടെ ദൃശ്യാവിഷ്ക്കാരങ്ങളായിരുന്നതിനാലാകാം, ആ പ്രേതം സിനിമയെഴുതുന്നവരെ വിട്ടുപോയിട്ടില്ല. നാടകം പഠിച്ചവരും കളിച്ചവരും ചവിട്ടിക്കുഴച്ചതിനാലാകാം മലയാള സിനിയുടെ മണ്ണ് നാടകീയമായത്; കഥാപാത്രങ്ങൾ മണ്ണിൽ നിൽക്കാത്തവരും. ഇതിനെ വകഞ്ഞുമാറ്റിയാണ് സംവിധായകൻ രാജീവ് രവിയും തിരക്കഥാകൃത്ത് സന്തോഷ് ഏച്ചിക്കാനവും കടന്നുവരുന്നത്. ബോളിവുഡിലെ എണ്ണംപറഞ്ഞ പുതുതലമുറ ഛായാഗ്രാഹകരിലൊരാളാണ് രാജീവ്. ദേവ് ഡി. ഗാങ്സ് ഓഫ് വാസിപൂർ, നോ സ്മോക്കിങ് എന്നിവ മതി ഇതിനു തെളിവ്. ഇക്കാരണം കൊണ്ടുതന്നെ അവയുടെ ഒരു ചൂരും ചൂടും മലയാളത്തിലേക്കു കൊണ്ടുവരാൻ ശ്രമിച്ചിട്ടുമുണ്ട്. അത് ചിത്രത്തിന്റെ നിർമാണരീതിയിൽ പ്രകടമാണ്. സ്വാഭാവികമായി സംസാരിക്കുകയും പെരുമാറുകയും ചെയ്യുന്ന കഥാപാത്രങ്ങളെയാണ് നാം കാണുന്നത്.

## ജീവിതത്തിലേക്ക് തുറന്ന ക്യാമറ

ചെറുകഥാകൃത്തെന്ന നിലയിൽ മലയാളിക്ക് പരിചയപ്പെടുത്തേണ്ട ആളല്ല സന്തോഷ് ഏച്ചിക്കാനം. എന്നാൽ, തിരക്കഥാരംഗത്ത് താരതമ്യേന പുതുമുഖവും. തനിച്ചെഴുതുന്ന രണ്ടാമത്തെ സിനിമയിലൂടെ ഈ മാധ്യമവും തനിക്കു വഴങ്ങുമെന്ന് സന്തോഷ് തെളിയിക്കുന്നു. സംവിധായകന് ആവശ്യമായ രംഗഭാവം ചമയ്ക്കലാണ് തിരക്കഥയെന്ന് ഈ ചിത്രത്തിലെ തിരക്കഥയും സംഭാഷണവും വ്യക്തമാക്കുന്നു. നീണ്ടുനിവർന്നു നിന്ന് ക്യാമറയോട് സംസാരിക്കുന്ന ഒരു കഥാപാത്രവും ഇതിലില്ലാത്തതും അതുകൊണ്ടുതന്നെ.



കൊച്ചിയും മട്ടാഞ്ചേരിയും വൈപ്പിനും മാങ്കുളവും പൊന്നാനിയുമെല്ലാം ഇതിലെ കഥാപാത്രങ്ങളായി വരുന്നുണ്ട്. കൃത്രിമവെളിച്ചങ്ങളില്ലാതെ മധു നീലകണ്ഠനൊരുക്കിയ ദൃശ്യങ്ങളാണ് ഇതിലേക്കു നയിക്കുന്നത്. അങ്ങനെ വൈപ്പിനിലെ വളഞ്ഞു പുളഞ്ഞ ഇടനാഴികളും മട്ടാഞ്ചേരിയിലെ കമ്പോളവും കളിക്കളവും എറണാകുളത്തെ തെരുവുകളും പൊന്നാനിയിലെ കടപ്പുറവും മാങ്കുളത്തെ പച്ചപ്പും അവയിലൂടെ അവിടത്തുകാരുടെ ജീവിതവും കണ്ണിലേയ്ക്കു നിറച്ചുതരുന്നു ഈ ക്യാമറ.

ഇത്തരത്തിൽ ചെയ്ത ഒരു ചിത്രത്തിന്റെ സംയോജനം ഏറെ ശ്രമകരമായ ഒന്നാണെങ്കിലും സ്വാഭാവികമായ ഒഴുക്കുനിലനിർത്തുന്നുണ്ട്. അജിത്കുമാറിന്റെ എഡിറ്റിങ് അത് രസച്ചരട് പൊട്ടാതെ കൊണ്ടുപോകുന്നുണ്ട്. എവിടെയാണ് കൂട്ടിച്ചേർത്തതെന്ന് അറിയാത്ത തരത്തിൽ. അഭിനേതാക്കളുടെ തെരഞ്ഞെടുപ്പ് സ്വാഭാവികതയിലേക്ക് വഴികാട്ടുന്നു. പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ച ഫഹദ് ഫാസിൽ, ആൻഡ്രിയ, സണ്ണി വെയ്ൻ ഇവരിൽ ഒതുങ്ങുന്നില്ലിത്. ഫാസിലയെന്ന 'പെണ്ണിനെ' അന്തസായി നിർത്തിത്തന്ന സ്വന്ദ, ഹൈദരിന്റെ രോഷവും ദൈന്യവും പകർത്താൻ തന്നേക്കാൾ മറ്റാരുമില്ലെന്നു തോന്നിപ്പിക്കുന്ന ആഷിക് അബു എന്നിവർ ഉദാഹരണങ്ങൾ.

ആഷിഖിനെ കൂടാകെ മൂന്നു സംവിധായകർ കൂടിയുണ്ട് ശ്രദ്ധേയ വേഷങ്ങളിൽ. മകനോടുള്ള വാത്സല്യവും പെൺമക്കളെക്കുറിച്ച് ആധിയും ഒരേപോലെ കരുതിവെച്ച് നിയന്ത്രിതമായ ഭാവങ്ങളുള്ള ഉസ്മാനായി രഞ്ജിത്, നിയമത്തിനും ബന്ധങ്ങൾക്കും ഇടയിൽ നിസ്സഹായനായി കടന്നുപോകേണ്ടി വരുന്ന സാധാരണക്കാരനായി പി. ബാലചന്ദ്രൻ, ഒറ്റ സംഭാഷണം പോലുമില്ലാതെ അലയൊടുങ്ങാത്ത കടൽ ഉള്ളിൽ കൊണ്ടുനടക്കുന്ന അന്നയുടെ അപ്പൻ ജോസഫായി ജോയ് മാത്യു എന്നിങ്ങനെ നാടകങ്ങളിൽ തെളിഞ്ഞ മൂവരും ഒരുപക്ഷേ, ക്യാമറയ്ക്കു പിന്നിലെക്കാൾ പൂർണതയുള്ള പ്രകടനമാണ് ക്യാമറയ്ക്ക് മുന്നിൽ കാഴ്ചവയ്ക്കുന്നത്. നടീനടന്മാരുടെ സ്വാഭാവികമായ പ്രകടനം പുറത്തെടുത്തതിൽ തത്സമയ ശബ്ദലേഖന(സിങ്ക് സൗണ്ട്)ത്തിന് ഏറെ പങ്കുണ്ട്. എന്നാൽ, പല തിയേറ്ററുടമകളുടെയും ശബ്ദവിന്യാസം പരിതാപകരമായതിനാൽ ഇത് കാണികൾക്ക് അലോസരമുണ്ടാക്കുന്നു. പലപ്പോഴും ആസ്വാദനത്തിനും തടസ്സമാകുന്നുണ്ടെന്നത് വാസ്തവം. രണ്ട് മണിക്കൂർ 47 മിനിറ്റ് ദൈർഘ്യമാണ് ചിത്രത്തിനുള്ള എതിരഭിപ്രായം. 15 മിനിറ്റ് ഒഴിവാക്കിയാണ് ഇപ്പോൾ പ്രദർശനം.

ഹൈസ്പീഡ് ബോട്ടുകൾ സ്വന്തമായുള്ളപ്പോൾ ഒരു ചെറുതോണിയിൽ യാത്ര ചെയ്യുന്നതുപോലെയാണ് ഈ ചിത്രം എന്നുവരാം. പക്ഷേ, കച്ചവട സിനിമയുടെ കാറും കോളും നിറഞ്ഞ കടലിലേയ്ക്ക് ധൈര്യപൂർവം തോണിയിറക്കിയ രാജീവിനെ അഭിനന്ദിക്കാതെ തരമില്ല. ഇതൊരു സിനിമയാണ്. കുറേ സംഭവങ്ങൾ അതേപടി പകർത്തിവെച്ചാലും സിനിമയാകും. ഇങ്ങനെയും സിനിമയാകാം. ●